# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 11

28.11.2018 -ൽ മറുപടി
നൽകേണ്ടിയിരുന്നത്

## ഉന്നതതല നിയമനങ്ങൾക്കുള്ള വിദഗ്ദ്ധ സമിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ടി.ബൽറാം<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഹൈബി ഈഡൻ | മുഖ്യമന്ത്രി |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല നിയമനങ്ങളിലേക്ക് ദേശീയ തലത്തിൽ അംഗീകാരമുള്ള സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി പ്രസ്തുത സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് പ്രസ്തുത | (ബി) 13.12.2018 ലെ സ.ഉ(കൈ) 30/2018/ആസാവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/മാനേജിംഗ് ഡയറക്ടർ, ജനറൽ |

| | |
|---|---|
| സമിതിയിലെ അംഗങ്ങൾ എന്ന് അറിയിക്കാമോ; | മാനേജർ തുടങ്ങിയ ഉന്നതതല തസ്തികകളിലെ നിയമനങ്ങൾക്കായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് (PESB) പുന:രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡിന്റെ അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| (1) ജസ്റ്റിസ് കെ. കെ. ദിനേശൻ - ഹൈക്കോടതി ജഡ്ജി (Rtd.) നിലവിൽ ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (Local Self Government Institutions) | ചെയർമാൻ |
| (2) ചീഫ് സെക്രട്ടറി | അംഗം |
| (3) Additional Chief Secretary, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് | മെമ്പർ സെക്രട്ടറി |
| (4) സെക്രട്ടറി, വ്യവസായ വകുപ്പ് | അംഗം. |
| (5) ചെയർമാൻ പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേർണൽ ഓഡിറ്റ് ബോർഡ് (RIAB) | അംഗം |

(സി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിൽ ശ്രീ. കെ. റ്റി. അദീബിനെ നിയമിച്ചത് പ്രസ്തുത വിദഗ്ധ സമിതിയുടെ ശിപാർശ പ്രകാരമാണോ;

(സി) അല്ല.

(ഡി) അല്ലെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

(ഡി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിതനായ കമ്പനി സെക്രട്ടറി കരാർ കാലാവധി കഴിഞ്ഞ് സേവനം വിട്ടുപോവുകയും കമ്പനി സെക്രട്ടറി, ജനറൽ മാനേജർ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നതിനെ തുടർന്ന് അഡ്മിനിസ്ട്രേഷൻ, ഫിനാൻസ്, പ്രോജക്ട് മേഖലകളിലുണ്ടായ ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിന് 16.07.2018 ന് ചേർന്ന 46-ാമത് ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ജനറൽ മാനേജർ തസ്തിക നികത്തേണ്ട അടിയന്തിര സാഹചര്യം ഉടലെടുത്തത്.

**സെക്ഷൻ ഓഫീസർ**